**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1181 11.06.2019 – ൽ മറുപടിക്ക്**

**മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മാണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എൽദോ എബ്രഹാം :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) മൂവാറ്റുപുഴ ബൈപ്പാസിന്റെ ആകെ നീളം 2.27 കി.മീറ്ററാണ്. ഇതിൽ ചെയി.0/000 മുതൽ 1/636 വരെ മാറാടി വില്ലേജിലും 1/636 മുതൽ 1/870 വരെ മുറിക്കല്ല് പാലവും 1/870 മുതൽ 2/270 വരെ വെള്ളൂർക്കുന്നം വില്ലേജിലുമായാണ് ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളത്. വർഷങ്ങൾക്കു മുൻപ് അലൈൻമെന്റ് നിശ്ചയിച്ച് അതിർത്തികല്ലുകൾ സ്ഥാപിച്ചതിനാൽ, പല അതിർത്തി കല്ലുകളും നിലവിൽ നീക്കം ചെയ്യിരിക്കുന്നതായി കാണുന്നു. താലൂക്ക് സർവ്വേയറുടെ സഹായത്തോടെ നീക്കം ചെയ്യപ്പെട്ട അതിർത്തി കല്ലുകൾ പുനർനിർണയിച്ച് കുറ്റമറ്റ അലൈൻമെന്റ് പ്ലാൻ ലഭ്യമാകുന്ന മുറയ്ക്കേ ഡി.പി.ആർ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) മൂവാറ്റുപുഴ ബൈപ്പാസിന്റെ ഭാഗമായ മുറിക്കല്ല് പാലം നിർമ്മാണം എന്ന് പൂർത്തിയാക്കിയെന്നും അതോടൊപ്പം അനുബന്ധ റോഡ് നിർമ്മാണം നടത്തിയിട്ടുണ്ടോ എന്നും അറിയിക്കാമോ; | (ബി) മുറിക്കല്ല് പാലത്തിന്റെ നിർമ്മാണം 14/07/2017-ൽ പൂർത്തിയായിട്ടുണ്ട്. പാലത്തിന്റെ ഇരുവശങ്ങളിലും പാലത്തോട് ചേർന്ന അനുബന്ധ റോഡുകളുടെ മെറ്റലിംഗ് വരെയുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഈ അനുബന്ധ റോഡിന്റെ ടാറിംഗ് പ്രവൃത്തികൾ ബൈപ്പാസ് നിർമ്മാണത്തിനനുസരിച്ച് പൂർത്തീകരിക്കാനുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | വെള്ളൂർക്കുന്നം വില്ലേജ് ഭാഗത്തുള്ള അപ്രോച്ച് റോഡിന്റെ സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടില്ല. മാറാടി വില്ലേജിലുള്ള അപ്രോച്ച് റോഡിന്റെ ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കി സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കേണ്ടതുണ്ട്. |
| (ഡി) | മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മാണം എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്നും അതിനുള്ള കാലതാമസം എന്താണെന്നും അറിയിക്കാമോ? | (ഡി) | ഡി.പി.ആർ അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കി സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**